"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മാനന്തവാടി നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് 2012-2013 - വാളാട് ഗവ: ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടം നിർമ്മാണം- പ്രവൃത്തി പൂർത്തിയാക്കിയ കരാറുകാരിക്ക് നൽകേണ്ട 6,16,858/- രൂപ കൂടി അനുവദിച്ച് ഭരണാനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂബി) വകുപ്പ്**

**സ.ഉ.(സാധാ) നം.441/2021/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 15/02/2021

---

പരാമർശം:- 1 07.07.2015-ലെ സ. ഉ. (സാധാ) നം.2042/15/തസ്വഭവ.

2 WP(C) No 15602/2020 നമ്പർ കേസിൽ ബഹു കേരള ഹൈക്കോടതിയുടെ 24.11.2020 ലെ ഉത്തരവ്.

3 പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എൻജിനിയറുടെ 24.12.2020 ലെ CE/BL/WYND/25331/2020 നമ്പർ കത്ത്.

4 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.01.2021 ലെ ഡിബി5/1514 /19/ നമ്പർ കത്ത്.

5 04.02.2021 ലെ സ. ഉ. സാധാ നം.998/2021/ധന.

**ഉത്തരവ്**

മാനന്തവാടി നിയോജക മണ്ഡലം മുൻ എം.എൽ.എ ശ്രീമതി. പി. കെ. ജയലക്ഷ്മി അവർകളുടെ 2012-13 സാമ്പത്തിക വർഷത്തിലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വാളാട് ഗവ:ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടം നിർമ്മാണം എന്ന പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് വഴി ഡെപ്പോസിറ്റ് വർക്കായി നടപ്പിലാക്കു ന്നതിന് പരാമർശം (1) പ്രകാരം 1,25,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പ്രവൃത്തി 25% അധിക തുകയ്ക്ക് പൊതുമരാമത്ത് കരാറുകാരി ശ്രീമതി ലൗലി തോമസ് ഏറ്റെടുക്കുകയും പൂർത്തീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക കൈമാറിയപ്പോൾ കരാറുകാരിക്ക് ലഭിക്കേണ്ട 1,45,68,126/-രൂപയ്ക്ക് പകരം 1,39,81,126/- രൂപാ മാത്രമാണ് അനുവദിച്ചത്. ടി സാഹചര്യത്തിൽ ബാക്കി ലഭിക്കേണ്ട 6,16,858/- രൂപ ലഭിക്കുന്നതിനായി ശ്രീമതി ലൗലി തോമസ് ബഹു: കേരളാ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിക്കുകയും നൽകാൻ അവശേഷിക്കുന്ന 6,16,858/- രൂപ 2 മാസം 14 ദിവസത്തിനകം ഹർജി ക്കാരിക്ക് നൽകണമെന്ന് ബഹു: ഹൈക്കോടതി പരാമർശം (2) പ്രകാരം ഉത്തര വിടുകയും ചെയ്തിരുന്നു. ടി തുക അനുവദിക്കുന്നതിലേക്ക് ഭരണാനുമതി ഉത്തരവ് പുതുക്കി നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ഇതേതുടർന്ന് മാനന്തവാടി നിയോജകമണ്ഡലം മുൻ എം.എൽ.എ. ശ്രീമതി. പി. കെ. ജയലക്ഷ്മി അവർകളുടെ 2012-13 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെയുള്ള ആസ്തി വികസന ഫണ്ടിലെ നീക്കിയിരിപ്പുള്ള തുകയിൽ നിന്നും 6,16,858/- രൂപ അനുവദിച്ച്

ഭരണാനുമതി പുതുക്കി നൽകുന്നതിന് ധനകാര്യ വകുപ്പ് പരാമർശം (4) പ്രകാരം പ്രത്യേകാനുമതി നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ബഹു: കേരള ഹൈക്കോടതി യുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് നൽകിയ പ്രത്യേകാനുമതി പ്രകാരം മാനന്തവാടി നിയോജകമണ്ഡലത്തിലെ 2012-13 സാമ്പത്തിക വർഷത്തെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി വാളാട് ഗവ: ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടം നിർമ്മിച്ച വകയിൽ പൊതുമരാമത്ത് വകുപ്പിലെ കരാറുകാരി ശ്രീമതി ലൗലി തോമസിന് നൽകാൻ ബാക്കി നിൽക്കുന്ന 6,16,858/- രൂപ മാനന്തവാടി നിയോജകമണ്ഡലം മുൻ എം.എൽ.എ. ശ്രീമതി. പി. കെ. ജയലക്ഷ്മി അവർകളുടെ 2012-13 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തികവർഷം വരെയുള്ള ആസ്തി വികസന ഫണ്ടിൽ നീക്കിയിരിപ്പുള്ള തുകയിൽ നിന്നും അനുവദിച്ച് ഭരണാനുമതി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം പരാമർശം (2) ലെ ബഹു: കേരള ഹൈക്കോടതിയുടെ വിധി നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**യു വി ജോസ് ഐ എ എസ്**
**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ചീഫ് എൻജിനീയർ (കെട്ടിട വിഭാഗം) പൊതുമരാമത്ത് വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്, എൽ ബി എ & എ) , തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ (നോഡൽ സെന്റർ സി) വകുപ്പ്

സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ